File No.SJD/953/2020-C1

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: എം അഞ്ജന ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/953/2020–സി1 | തിരുവനന്തപുരം, തീയതി. 22/11/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രോബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് – 2021-22 – സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ – തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം – തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :

1. 06/08/2021 – ലെ സ.ഉ(സാധാ) നം. 537/2021/സാ.നീ.വ നം. ഉത്തരവ്.
2. കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 18/09/2021 – ലെ DPO/KNR/196/2021 നം. കത്ത്.
3. കണ്ണൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 04/11/2021 – ലെ W02-1558/2020/CPK നം. കത്ത്.

സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ ക്ഷേമ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കളുടെ വിവാഹം ഇന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ രണ്ട് വർഷമോ അതിലധികമോ ആയി തടവുശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി ഈ സാമ്പത്തിക വർഷവും തുടരുന്നതിന് അനുമതി നൽകിയും ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000/- രൂപാ നിരക്കിൽ 20 പെൺകുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിനാവശ്യമായ 6,00,000/- രൂപാ (ആറു ലക്ഷം രൂപാ മാത്രം) 2021-22 സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് .

പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചതിൻ

പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കണ്ണൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ ലഭിച്ച ശ്രീ. ഇമ്മാനുവലിന്റെ (സി.നം. 8904) മകൾ ചിഞ്ചു കെ ജെ യുടെ വിവാഹ ധനസഹായ അപേക്ഷ കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസർ ശുപാർശ സഹിതം പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു .

എന്നാൽ പ്രസ്തുത അപേക്ഷയോടൊപ്പം പദ്ധതി മാനദണ്ഡപ്രകാരമുള്ള മതിയായ രേഖകൾ ഇല്ലാതിരുന്നതിനാൽ തുക അനുവദിച്ചിരുന്നില്ല .നിലവിൽ ശ്രീ. ഇമ്മാനുവൽ (സി.നം. 8904) 21/10/2010 മുതൽ തടവുശിക്ഷ അനുഭവിക്കുന്നയാളാണ് എന്നത് സംബന്ധിച്ച കണ്ണൂർ ജയിൽ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം, ദമ്പതികൾ വിവാഹം കഴിഞ്ഞ് ആറുമാസത്തിനു ശേഷവും ഒന്നിച്ച് താമസിച്ചുവരുന്നതായി വാർഡ് മെമ്പറുടെ സാക്ഷ്യപത്രം എന്നിവ പരാമർശം (3) പ്രകാരം കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട് .

ഈ സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിൽ തടവ് ശിക്ഷ അനുഭവിച്ചു വരുന്ന ശ്രീ. ഇമ്മാനുവലിന്റെ (സി.നം. 8904) മകൾ കെ ജെ ചിഞ്ചുവിന് വിവാഹ ധനസഹായമായി **30,000/- രൂപ (മുപ്പതിനായിരം രൂപാ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു. ടി തുക കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചിഞ്ചുവിന്റെ മാതാവ് ശ്രീമതി . ആൻസിയുടെ ചുവടെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറി നൽകേണ്ടതാണ്.

| Sl No. | Name of Beneficiary | Name of Bank | Branch | IFSC | A/C No. | Amount |
|---|---|---|---|---|---|---|
| 1 | ANCY EMMANUEL | SBI | CHERUPUZHA | SBIN0070812 | 67239583357 | **30,000/-** |
| | | | **TOTAL** | | | **30,000/-** |

കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസർ ഗുണഭോക്താക്കളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

File No.SJD/953/2020-C1

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

പകർപ്പ് :

1. സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ
2. ജില്ലാ പ്രോബേഷൻ ഓഫീസർ, കണ്ണൂർ
3. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ

സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്